**കെ.വി.എ.എസ്.യു./എം.സി./പൊതുവായത്/അദ്ധ്യായം - 1.6**

**(46-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്, സ്ഥിരീകരണത്തിനായി)**

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## 46-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിട്സ്

വേദി: ഹൈബ്രിഡ് മോഡ്, കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/1136/2024)

### ഹാജരായ അംഗങ്ങൾ:

1. ഡോ. പി.സി. ശശീന്ദ്രൻ, വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) - അദ്ധ്യക്ഷൻ
2. ശ്രീ. ജാഫർ. എ. എം., അഡീഷണൽ സെക്രട്ടറി - ധനകാര്യ വിഭാഗം പ്രതിനിധി
3. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി - നിയമ വിഭാഗം പ്രതിനിധി (ഓൺലൈൻ)
4. ഡോ. അരുൺ. ടി.ആർ. - വെറ്ററിനറി കൗൺസിൽ ഓഫ് ഇൻഡ്യ പ്രതിനിധി (ഓൺലൈൻ)
5. ഡോ. കെ. വിജയകുമാർ, ഫാക്കൽറ്റി ഡീൻ, വെറ്ററിനറി (ഓൺലൈൻ)
6. ഡോ. എസ്.എൻ. രാജകുമാർ, ഫാക്കൽറ്റി ഡീൻ, ഡയറി സയൻസ് & ടെക്നോളജി (ഓൺലൈൻ)
7. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
8. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
9. ഡോ. ബിപിൻ. കെ.സി.(തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
10. ഡോ. ദിനേശ്. പി.റ്റി. (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
11. ഡോ. ശ്രീരഞ്ജിനി. എ.ആർ. (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി) (ഓൺലൈൻ)
12. ശ്രീ. സന്തോഷ്. സി.ആർ. (തിരഞ്ഞെടുക്കപ്പെട്ട അനദ്ധ്യാപക വിഭാഗം പ്രതിനിധി)
13. ശ്രീ. സുധീഷ്. പി.എസ്. (തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)
14. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

### സാന്നിധ്യം:

1. ശ്രീ. ഷിബു. എ.ടി., അഡീഷണൽ സെക്രട്ടറി (മൃഗ സംരക്ഷണ വിഭാഗം സെക്രട്ടറിയുടെ പ്രതിനിധി)
2. ശ്രീമതി. ഫെമി വി. മാത്യു, (ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറുടെ പ്രതിനിധി)
3. ശ്രീ. ജി. രാജീവ്, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധി)
4. ശ്രീ. ദിനേശൻ. എ.കെ., ഫിനാൻസ് ഓഫീസർ
5. ശ്രീമതി. കോമളവല്ലി. ടി.പി., ലോ ഓഫീസർ
6. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം.

യോഗം 02.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

പൂക്കോട് വെറ്ററിനറി കോളേജിലെ രണ്ടാം വർഷ ബി.വി.എസ്.സി.&എ.എച്ച്. വിദ്യാർത്ഥി ആയിരുന്ന ശ്രീ. ജെ. എസ്. സിദ്ധാർത്ഥൻ, കാർഷിക സർവ്വകലാശാലയിൽ ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ആയി വിരമിച്ച ഡോ. എ.ഐ. ജോസ് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. തുടർന്ന് പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർത്ഥി ശ്രീ. ജെ.എസ്. സിദ്ധാർത്ഥൻ മരണപ്പെട്ട വിഷയത്തിൽ സർവ്വകലാശാല നടത്തിയ അന്വേഷണത്തിന്റെ വിവരങ്ങളും സ്വീകരിച്ച നടപടികളും ബഹു. വൈസ് ചാൻസലർ ഭരണസമിതി മുൻപാകെ റിപ്പോർട്ട് ചെയ്തു.

മാനേജ്മെന്റ് കൗൺസിലിലേക്ക് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ശേഷം പുതിയ അംഗങ്ങൾ സ്വയം പരിചയപ്പെടുത്തി.

തുടർന്ന് അജണ്ടകൾ അവതരിപ്പിക്കാൻ രജിസ്ട്രാറെ ക്ഷണിച്ചു.

| | |
|---|---|
| 1.1 | സർവ്വകലാശാലയുടെ നേട്ടങ്ങൾ/ശാസ്ത്രജ്ഞരുടെ ഗവേഷണ നേട്ടങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.2 | ഇലക്ഷൻ ഏതെങ്കിലും നടത്തുവാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.3 | ചോദ്യോത്തര വേള.<br>**<u>ശ്രീ. സി. ആർ. സന്തോഷ് ഉന്നയിച്ച ചോദ്യങ്ങൾ:</u>**<br><br>**ചോദ്യം 1:**<br>1) 2023-24 സാമ്പത്തിക വർഷത്തിൽ (2024 ഫെബ്രുവരി) മാസം വരെ വെറ്ററിനറി സർവ്വകലാശാലക്ക് എത്ര രൂപയോളം തനതുവരുമാനം ഉണ്ടായി<br>എ) ഈ വരുമാനം ലഭിച്ചത് ഏതൊക്കെ മേഖലയിൽ നിന്ന്<br>ബി) ഇതേ കാലയളവിൽ 2022-23 വർഷത്തെ തനതുവരുമാനം എത്ര ? വർദ്ധനവ് എത്ര ?<br><br>**ഉത്തരം:** (1): 2023-24 സാമ്പത്തിക വർഷത്തിൽ 2024 ഫെബ്രുവരി മാസം വരെ ആഭ്യന്തര വരുമാന ഇനത്തിൽ 12,94,78,867/- രൂപയും ഫീസ് ഇനത്തിൽ 7,45,54,139/- രൂപയും ലഭിച്ചിട്ടുണ്ട്.<br><br>(1-എ): ഫാം ഉത്പന്നങ്ങളുടെ വില്പനയിലൂടെയാണ് ആഭ്യന്തര വരുമാനം കൂടുതലായും ലഭിക്കുന്നത്.<br><br>(1-ബി) : 2022-23 സാമ്പത്തിക വർഷത്തിൽ 2024 ഫെബ്രുവരി മാസം വരെ ആഭ്യന്തര വരുമാന ഇനത്തിൽ 14,82,30,231/- രൂപയും ഫീസ് ഇനത്തിൽ 8,57,76,389/- രൂപയുമാണ് ലഭ്യമായിട്ടുള്ളത്.മൊത്തം വരുമാനത്തിൽ 2023-24 വർഷത്തിൽ 2,99,73,614/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. |

**തീരുമാനം (എ & ബി):** നൽകിയ ഉത്തരങ്ങൾ അംഗീകരിച്ചു. ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനായി അഫിലിയേറ്റഡ് കോളജുകളും സെൽഫ് - ഫിനാൻസിംഗ് കോഴ്സുകളും ആരംഭിക്കുന്നതിനെപ്പറ്റിയും ഫീസ് വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയും കാലഘട്ടത്തിനനുസരിച്ച് മറ്റ് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും സർവ്വകലാശാലയിൽ ചർച്ചകൾ നടത്തണമെന്നും വരവ്-ചെലവുകളിൽ സർവ്വകലാശാല സ്വയം പര്യാപ്തത നേടേണ്ടത് ഭാവി കാലത്തിന്റെ അനിവാര്യതയാണെന്നും ബഹു. അംഗം ശ്രീ. സി. ആർ. സന്തോഷ് അഭിപ്രായപ്പെട്ടു. ഫീസ് വർദ്ധനവിന്റെ കാര്യത്തിൽ സർവ്വകലാശാല ഇതിനോടകം തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ സർവ്വകലാശാലയ്ക്ക് ലഭിക്കാനുള്ള എല്ലാ ധനാഗമന മാർഗ്ഗങ്ങളിലും വർദ്ധനവ് വരുത്താൻ സർവ്വകലാശാല ശ്രമിക്കുന്നതാണ് എന്നും രജിസ്ട്രാർ അറിയിച്ചു.

ചെലവ് ചുരുക്കലുമായി ബന്ധപ്പെട്ട വിശദമായ പഠനം നടത്തണമെന്നും, ആയതിന്റെ ഭാഗമായി ആവശ്യമെങ്കിൽ ദിവസവേതനക്കാരുടെ എണ്ണം പരിമിതപ്പെടുത്തുന്നതടക്കമുള്ള വിഷയങ്ങൾ സർവ്വകലാശാല ചിന്തിക്കണമെന്നും ബഹു. അംഗം അഭിപ്രായപ്പെട്ടു. ദിവസവേതനക്കാരുടെ വേതന ഇനത്തിൽ 11 കോടിയോളം രൂപ പ്രതിവർഷം സർവ്വകലാശാലയ്ക്ക് ആകെ ചിലവ് വരുന്നുണ്ട് എന്നതിനാൽ ദിവസ വേതനക്കാരെ പരമാവധി ഒഴിവാക്കി ബന്ധപ്പെട്ട സ്റ്റേഷനുകളിലെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ സാധിക്കുമോയെന്ന കാര്യത്തിൽ അഭിപ്രായം രേഖപ്പെടുത്താൻ സ്റ്റേഷൻ മേധാവികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് ബഹു. വൈസ് ചാൻസലർ സഭയെ അറിയിച്ചു. ഫാമുകളിൽ നിന്നും മുടക്കുമുതലിന്റെ 25% മാത്രമാണ് വരുമാനം ലഭിക്കുന്നത് എന്നും ആയത് വർദ്ധിപ്പിക്കുന്നതിന് പരിശ്രമിക്കണമെന്നും, ആയത് ഒരു പരിധിക്കപ്പുറം സാധ്യമല്ലായെന്നതിനാൽ, ഫാമുകളിൽ ഗവേഷണങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും ബഹു. വൈസ് ചാൻസലർ അറിയിച്ചു. ഗവേഷണങ്ങൾ കൂടുതലായി നടന്നാൽ ഗവേഷണത്തിന് ലഭിക്കുന്ന തുകയും ഗവേഷണഫലവും സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടാകുമെന്നും, സാമ്പത്തികം മാത്രമല്ലാതെ ഗവേഷണ മൂല്യവും ഫാമിന്റെ നേട്ടമാണെന്നും ബഹു. വൈസ് ചാൻസലർ അറിയിച്ചു. ഫാമുകളുടെ എണ്ണം വെറ്ററിനറി കൗൺസിൽ ഓഫ് ഇൻഡ്യ നിഷ്കർഷിച്ചിട്ടുള്ളത് പോലെ ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാമുകളിൽ മാത്രം ഒതുക്കിയാൽ തൊഴിലാളികളുടെ എണ്ണവും ജീവനക്കാരുടെ എണ്ണവും കുറക്കേണ്ടി വരുമെന്നതും ബഹു വൈസ് ചാൻസലർ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി.

*നടപടി:ഫിനാൻസ് ഓഫീസർ/രജിസ്ട്രാർ/ഡി.എ.ആർ./ഡി.ഇ./ഡയറക്ടർ (ഫാംസ്)*

------------------------------------------ -------------------------

**ചോദ്യം 2:**

2) കേരള വെറ്ററിനറി സർവ്വകലാശാലയ്ക്ക് കീഴിൽ ഏതെങ്കിലും self Finance കോളേജോ മറ്റേതെങ്കിലും കോളേജോ പുതുതായ് തുടങ്ങുവാൻ അഫിലിയേഷനുവേണ്ടിയുള്ള അപേക്ഷ നൽകിയിട്ടുണ്ടോ

എ) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾ ആണ് അപേക്ഷ നൽകിയിട്ടുള്ളത്

ബി) ഈ അപേക്ഷയുടെ Present Status നൽകുന്ന കാര്യം പരിഗണിക്കാമോ ?

**ഉത്തരം:** (2): ഉണ്ട്.

(2-എ):

| സ്ഥാപനത്തിന്റെ പേര് | അപേക്ഷിച്ച തീയതി |
|---|---|
| ESSCO Educational Trust | 21.04.2023 |
| KVM Trust | 18.07.2023 |
| BSD Education Society | 18.07.2023 |
| JDT Islam Orphanage and Educational Institutions | 24.07.2023 |

(2-ബി) : സർവ്വകലാശാലയുടെ കീഴിൽ അഫിലിയേറ്റഡ് കോളേജ് ആരംഭിക്കുന്നതിലേക്ക് സർവ്വകലാശാലയുടെ നിലവിലെ ആക്ടും സ്റ്റാറ്റ്യൂട്ടും ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട് സർവ്വകലാശാല ആക്ട് ഭേദഗതി ചെയ്യുന്നതിലേക്ക് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. (കത്ത് നം. KVASU/GA/C2/14472/2022 (i), Dated, 06-05-2023). ആയതിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുന്നു.

**തീരുമാനം (എ & ബി):** അഫിലിയേഷൻ അനുവദിക്കുന്നതിന് പ്രത്യേകമായ അപേക്ഷ മാതൃക ഇല്ലാത്തതിനാൽ ഉപചോദ്യം (എ)-യുടെ മറുപടിയിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങൾ അഫിലിയേറ്റഡ് കോളേജ് ആരംഭിക്കുന്നതിനുള്ള സന്നദ്ധത മാത്രമാണ് അറിയിച്ചിട്ടുള്ളതെന്നും കൂടാതെ സർവ്വക
ലാശാലാ ആക്ടും സ്റ്റാറ്റ്യൂട്ടും ഭേദഗതി ചെയ്തതിനു ശേഷം മാത്രമേ അഫിലിയേറ്റഡ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള അനുവാദം നല്കാൻ സാധിക്കുകയുള്ളു എന്നതും രജിസ്ട്രാർ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. ആക്ട് ഭേദഗതി ചെയ്യുന്നതിനായി സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസലിന്റെ വിവരങ്ങൾ നല്കുകയാണെങ്കിൽ, ഇത് സംബന്ധിച്ച സർക്കാർ ഫയലിലെ നടപടികളുടെ തൽസ്ഥിതി വിവരം

| | |
|---|---|
| | അന്വേഷിച്ച് അറിയാനാകുമെന്ന് ബഹു. അംഗം ശ്രീ. സി.ആർ. സന്തോഷ് അഭിപ്രായപ്പെട്ടു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.4 | അടിയന്തിര പ്രമേയം ഉണ്ടെങ്കിൽ, ആയത്<br><br>**<u>ഡോ. ശ്രീരഞ്ജിനി. എ.ആർ ഉന്നയിച്ച പ്രമേയം:</u>**<br><br>ലൈവ്സ്റ്റോക്ക് റിസർച്ച് സ്റ്റേഷനും CASM-കോളേജും അടങ്ങുന്ന 395-എക്കർ വരുന്ന തിരുവാഴാംകുന്ന് ക്യാമ്പസിൻറെ 7- എക്കറോളം ഭൂമി പുതുതായി വരുന്ന കോയമ്പത്തൂർ-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവെക്കായി ഏറ്റെടുക്കപ്പെടുന്നുണ്ട്. ആയതിന്റെ കോമ്പൻസേഷനായി 25- കോടി രൂപയോളം യൂണിവേഴ്സിറ്റിക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഹൈവേ വരുന്നതോടെ രണ്ടായി വിഭജിക്കപ്പെട്ടുപോകുന്ന തിരുവാഴാംകുന്ന് ക്യാമ്പസിൻറെ അതിർത്തികൾ പുനർനിർണ്ണയിക്കപ്പെടേണ്ടതും മതിലുകെട്ടി സംരക്ഷിക്കപ്പെടേണ്ടതുമുണ്ട്. കൂടാതെ, ഈ ക്യാമ്പസിൽ വന്യമൃഗ ശല്യവും അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ, ഹൈവേക്കുവേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ കൊമ്പൻസേഷനായി യൂണിവേഴ്സിറ്റിക്ക് ലഭിക്കുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം ഈ ക്യാമ്പസിൽ ബാക്കിയുള്ള സ്ഥലത്തിൻറെ അതിർത്തി പുനർനിർണയിച്ച് മതിലുകെട്ടിസംരക്ഷിക്കുന്നതിനും, ക്യാമ്പസിൽ ജലലഭ്യത വർധിപ്പിക്കുന്നതിനും, വന്യമൃഗശല്യം തടയുന്നതിനുമുള്ള ഭാവി പ്രവർത്തനങ്ങൾക്കായി നീക്കിവെക്കേണ്ടതാണ്. ബാക്കിവരുന്ന തുക യൂണിവേഴ്സിറ്റിയുടെ അക്കാദമിക-ഗവേഷണ-വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. ഈ തുകയുടെ ഗുണപരമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനായി സർവ്വകലാശാല ഒരു ഉന്നതാധികാര കമ്മറ്റിയെ ചുമതലപ്പെടുത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.<br><br>**തീരുമാനം:** പ്രമേയം അംഗീകരിച്ചു. തിരുവാഴാംകുന്ന് കാമ്പസ്സിന്റെ അതിർത്തി മതിൽ കെട്ടി സംരക്ഷിക്കുന്നതിനെക്കാൾ ഉചിതം ബയോ ഫെൻസിംഗ് നടത്തുന്നതായിരിക്കുമെന്ന് യോഗം വിലയിരുത്തി. അതിർത്തികൾ പുനഃനിർണ്ണയിക്കുന്നത് പ്രായാസകരമായിരിക്കുമെന്ന് അദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു. കോമ്പൻസേഷൻ തുക ലഭിക്കുന്ന മുറയ്ക്ക് ആയതിൻ്റെ വിനിയോഗം തീരുമാനിക്കുന്നതിനായി ബഹു. വൈസ് ചാൻസലറും ഫിനാൻസ് ഓഫീസറും ഭരണസമിതി അംഗങ്ങളും അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.<br><br>പ്രമേയത്തോടനുബന്ധിച്ച്, തിരുവാഴാംകുന്ന് ക്യാമ്പസ്സിൽ നിന്നും അനധികൃതമായി മരം മുറിച്ചതും ആയതിനോടനുബന്ധിച്ച് സർവ്വകലാശാലയിലെ സീനിയർ ഫാം സൂപ്പർവൈസർ അടക്കം 4 ജീവനക്കാരെ സസ്പെൻഡ് ചെയ്തതും രജിസ്ട്രാർ മാനേജെൻ്റ് കൗൺസിൽ മുൻപാകെ റിപ്പോർട്ട് ചെയ്തു.<br><br>നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്)/രജിസ്ട്രാർ<br>============================================ =============== |

**ഡോ. ബിപിൻ. കെ.സി. ഉന്നയിച്ച പ്രമേയം:**

പൂക്കോട് വെറ്ററിനറി കോളേജിലെ രണ്ടാം വർഷ ബിരുദ വിദ്യാർത്ഥി ശ്രീ സിദ്ധാർത്ഥൻ ജെ എസ് ന്റെ കോളേജ് ഹോസ്റ്റലിൽ വെച്ച് സംഭവിച്ച മരണവും, മരണത്തിലേക്ക് നയിച്ചതായി അന്വേഷിക്കപ്പെടുന്ന വിഷയങ്ങളും ഏറെ വേദനാജനകവും, ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതുമാണ്. വിദ്യാർത്ഥികൾക്കിടയിൽ രൂപപ്പെട്ടുവരുന്ന തെറ്റായ പ്രവണതകളും, നിയമാവബോധക്കുറവും തിരിച്ചറിയുന്നതിലും, കൃത്യമായി ഇടപെടുന്നതിലും, ഹോസ്റ്റലുകളിൽ സംഭവിക്കുന്ന കാര്യങ്ങൾ കൃത്യസമയത്ത് ഉത്തരവാദപ്പെട്ടവരിലേക്ക് എത്തുന്നതിലും നമ്മുടെ സംവിധാനത്തിന് വീഴ്ച സംഭവിച്ചു എന്നത് എല്ലാവരും ഗൗരവമായി കാണേണ്ടതാണ്. ഹോസ്റ്റലുകളുടെ ഭരണനിർവ്വഹണത്തിൽ കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ബഹു. വൈസ് ചാൻസലർ കൈക്കൊള്ളുന്ന നടപടികളെ സ്വാഗതം ചെയ്യുന്നു. എന്നാൽ അതോടൊപ്പം ഹോസ്റ്റലുകളുടെ ഓഫീസ് ചുമതലാ നിർവ്വഹണത്തിനാവശ്യമായ അനധ്യാപക ജീവനക്കാരുടെ അഭാവം വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ജീവനക്കാരുടെ പുനഃക്രമീകരണത്തിലൂടെ ഹോസ്റ്റൽ സ്റ്റീവാർഡ്/ മാനേജർ തസ്തികകൾ നഷ്ടപ്പെട്ടത് സർവ്വകലാശാലയിലെ ഹോസ്റ്റലുകളുടെ ദൈനംദിന പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട് എന്നതോടൊപ്പം അസിസ്റ്റന്റ് വാർഡൻ ചുമതല അധിക ചുമതലയായി ഏറ്റെടുത്തിട്ടുള്ള അധ്യാപകർക്ക് തങ്ങളുടെ ചുമതലകൾ പൂർണ്ണമായും നിർവ്വഹിക്കുന്നത് ഏറെക്കുറെ അപ്രായോഗികവുമാണ് എന്ന് അറിയിക്കട്ടെ. ആയതിനാൽ സർവ്വകലാശാലക്കു കീഴിലുള്ള വിവിധ കോളേജുകളുടെ ഹോസ്റ്റലുകളിൽ ഭരണ നിർവ്വഹണത്തിനായി അസിസ്റ്റന്റ് വാർഡൻമാരെ സഹായിക്കുന്നതിനായി ഹോസ്റ്റൽ മാനേജർ തസ്തികൾ പുനഃസൃഷ്ടിച്ച്/ അധികചുമതലയായോ/ മറ്റു സാധ്യമായ ക്രമീകരണങ്ങളിലൂടെയോ മിനിസ്റ്റീരിയൽ ജീവനക്കാരെയും, കൂടാതെ ക്ലാസ് 4 ജീവനക്കാരുടെ തസ്തികകൾ പുനഃക്രമീകരിച്ച് ഹോസ്റ്റൽ അറ്റന്റന്റ് മാരെയും നിയോഗിക്കുന്നത് ഗൗരവമായി പരിഗണിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു. വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ചും ഇക്കാര്യങ്ങളിൽ ഉണ്ടായേക്കാവുന്ന കാലതാമസം ഒഴിവാക്കാനും പി ടി എ ഫണ്ടോ/ മറ്റു സമാന രീതിയിൽ സ്വരൂപിക്കാവുന്ന പണമോ ഉപയോഗിച്ച് താത്കാലികാടിസ്ഥാനത്തിൽ ഹോസ്റ്റൽ മാനേജർമാരെ നിയമിക്കുന്നതും പരിഗണിക്കാവുന്നതാണ്. അതോടൊപ്പം തന്നെ ഹോസ്റ്റലുകളുടെ ഭരണനിർവ്വഹണത്തിൽ കാര്യക്ഷമത ഉറപ്പുവരുത്താനായി നിർദ്ദേശിക്കപ്പെടുന്ന പുതിയ നിർദ്ദേശങ്ങൾ അക്കാദമിക് കൗൺസിലിന്റെ പരിഗണക്കു വിധേയമാക്കി സർവ്വകലാശാലയുടെ അക്കാദമിക് റെഗുലേഷനിൽ ഉൾപ്പെടുത്താനുള്ള നടപടികൾ കൈക്കൊള്ളണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

Dr. Bipin K. C.

---

**തീരുമാനം:** പ്രമേയം അംഗീകരിച്ചു.

തസ്തിക സംബന്ധിച്ച വിഷയത്തിൽ 85-ാമത് ബോർഡ് ഓഫ് മാനേജ്`മെന്റ് യോഗത്തിൽ തീരുമാനിച്ച, ഡയറക്ടർ ഓഫ് അക്കാഡമിക്സ് ആൻഡ് റിസർച്ച്, ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ്, ജോയിൻറ് രജിസ്ട്രാർ (പൊതുഭരണം) എന്നിവരടങ്ങുന്ന സമിതി മാനേജ്മെന്റ് കൌൺസിൽ അംഗങ്ങളുടെ നിർദ്ദേശങ്ങൾ കൂടെ ആരാഞ്ഞതിനുശേഷം റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചു.

*നടപടി: രജിസ്ട്രാർ/ഡി.എ.ആർ.*

| | |
|---|---|
| 1.5 | നിർദ്ദിഷ്ട പട്ടികയിൽ മാറ്റമുളള വിഷയങ്ങൾ ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |

| | |
|---|---|
| 1.6 | മുൻ യോഗങ്ങളുടെ നടപടി കുറിപ്പുകളുടെ സ്ഥിരീകരിക്കൽ & ആക്ഷൻ ടേക്കൻ റിപ്പോർട്ട്, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | 45-മത് മാനേജ്മെന്റ് കൌൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ ചുവടെ പറയുന്ന തിരുത്തലോടെ സ്ഥിരീകരിച്ചു.<br><br>ഇനം നം. 1.8 – ൽ 84-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിലെ ഇനം നം. 2.3 – ൽ ഡോ. സാബിൻ ജോർജ്ജ് ഉന്നയിച്ച 90% ശതമാനത്തിൽ കൂട്ടതലായ കട്ട്-ഓഫ് മാർക്ക് എന്നത് കൂടെ ചേർക്കാൻ തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ/ഡി.എ.ആർ.* |
| 1.7 | മാനേജ്മെന്റ് കൗൺസിൽ തീരുമാന പ്രകാരം ബോർഡ് ഓഫ് മാനേജ്മെന്റ് സമർപ്പിക്കുന്ന റിപ്പോർട്ട്, ഉണ്ടെങ്കിൽ ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.8 | ബോർഡ് ഓഫ് മാനേജ്മെന്റും വൈസ് ചാൻസലറും നിർദ്ദേശിക്കുന്ന വിഷയങ്ങൾ, ഉണ്ടെങ്കിൽ, ആയത്. |
| 2.1 | DAR - Academic Programme – Approval of the results - Reg. |
| **തീരുമാനം** | Approved.<br>Action: DAR |
| 2.2 | പ്രവർത്തന റിപ്പോർട്ട് - ഡി.എ.ആർ. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 2.3 | പ്രവർത്തന റിപ്പോർട്ട് - സി.വി.&എ.എസ്. മണ്ണുത്തി. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 2.4 | പ്രവർത്തന റിപ്പോർട്ട് - സി.വി.&എ.എസ്. പൂക്കോട് |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 2.5 | പ്രവർത്തന റിപ്പോർട്ട് - വി.കെ.ഐ.ഡി.എഫ്.ടി. മണ്ണുത്തി. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 3.2 | പ്രവർത്തന റിപ്പോർട്ട്. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 4.1 | DE - Distance Learning Programme Approval of Final Result notification – Reg. |
| **തീരുമാനം** | Approved.<br>Action: DE |
| 4.2 | പ്രവർത്തന റിപ്പോർട്ട് |
| **തീരുമാനം** | ശ്രദ്ധിച്ചു. |

| | |
|---|---|
| 5.2 | പ്രവർത്തന റിപ്പോർട്ട് |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 6.1 | ധനകാര്യ വിഭാഗം – 2024 - 25 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് – അംഗീകരിക്കുന്നത് – സംബന്ധിച്ച്. |
| **തീരുമാനം** | അംഗീകരിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.2 | ധനകാര്യം - സർവകലാശാലയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് വിവരങ്ങൾ സമർപ്പിക്കുന്നത് – സംബന്ധിച്ച്. |
| **തീരുമാനം** | അംഗീകരിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.3 | ധനകാര്യം - വി.കെ.ഐ.ഡി.എഫ്.ടി - മണ്ണുത്തി, സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൌൾട്രി സയൻസ് -മ ണ്ണുത്തി,കാറ്റിൽ ബ്രീഡിങ് ഫാം - തുമ്പൂർമുഴി എന്നീ സ്റ്റേഷനുകളിലെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതം റീ അപ്രോപ്രിയേറ്റ് ചെയ്യുന്നത് - സംബന്ധിച്ച് |
| **തീരുമാനം** | യോഗ തീയതി മുതൽ പ്രാബല്യത്തിൽ വരുത്തി അംഗീകരിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.4 | പ്രവർത്തന റിപ്പോർട്ട് |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 7 | അനൗദ്യോഗിക പ്രമേയങ്ങൾ |
| | **ശ്രീ. സി. ആർ. സന്തോഷ് ഉന്നയിച്ച പ്രമേയങ്ങൾ:**<br><br>**പ്രമേയം 1 :**<br><br>കേരള വെറ്ററിനറി സർവ്വകലാശാലയിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും Earned Leave Surrender ചെയ്യാനുള്ള അവസരം ഫണ്ട് ഇല്ലാ എന്ന കാരണത്താൽ നിഷേധിക്കപ്പെടുകയാണ്. ഒരു ഫിനാൻസ് വർഷത്തിൽ ആർജ്ജിക്കുന്ന അവധി ആ വർഷത്തെ മാർച്ച് മാസത്തിനുള്ളിൽ Surrender ചെയ്യണമെന്നാണ് നിയമം. ഈ കാരണത്താൽ 2022-23, 2023-24 വർഷത്തെ Earned Leave Surrender അർഹതപ്പെട്ടവർക്ക് ലഭിക്കുന്ന നടപടി സ്വീകരിക്കുകയോ അല്ലെങ്കിൽ ആയത് നഷ്ടപ്പെടാതെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയോ Earned Leave Surrender തുക പ്രോവിഡൻറ് ഫണ്ടിൽ ലയിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുന്നതിന് ആവശ്യപ്പെടുന്നു.<br><br>**റിമാർക്ക്സ്/നോട്സ്:** സർവ്വകലാശാല കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്ന് പോകുന്നത്. ഫണ്ടിന്റെ അപര്യാപ്തത മൂലം ജീവനക്കാരുടെ ശമ്പളവും പെൻഷനും പല ഘട്ടങ്ങളിലായാണ് വിതരണം ചെയ്യുന്നത്. ആയതിനാൽ ജീവനക്കാരുടെ Earned leave Surrender അനുവദിക്കാൻ നിലവിൽ നിർവ്വാഹമില്ല. സർക്കാരിൽ നിന്നും പ്രത്യേക അധിക ധനസഹായം ലഭ്യമാക്കുന്ന പക്ഷം മേല്പറഞ്ഞത് വിതരണം ചെയ്യുന്നത് പരിഗണിക്കാവുന്നതാണ്. |

| | |
|---|---|
| | **തീരുമാനം:** ജീവനക്കാർക്ക് ഒരു സാമ്പത്തിക വർഷത്തിൽ പരമാവധി 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിനാണ് നിയമമുള്ളത് എന്നതിനാൽ 2023 - 24 സാമ്പത്തിക വർഷത്തിൽ സർക്കാർ അനുവദിച്ചത് പോലെ സർവകലാശാല ജീവനക്കാർക്കും ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അവസരം നൽകണമെന്നും മേൽ തുക പ്രൊവിഡൻറ് ഫണ്ട് നിക്ഷേപം ആക്കണമെന്നും ബഹു. അംഗം ശ്രീ. സി. ആർ. സന്തോഷ് അഭ്യർത്ഥിച്ചു. സർവ്വകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രോവിഡൻറ് ഫണ്ടിലേക്ക് തുക ലയിപ്പിക്കുന്നത് അസാധ്യമാണെന്നും ബഹു. അംഗത്തിൻറെ അഭ്യർത്ഥന മാനിച്ച് സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ മാത്രം പ്രൊവിഡൻറ് ഫണ്ടിലേക്ക് തുക നിക്ഷേപിക്കാം എന്ന വ്യവസ്ഥയിൽ 2023 - 24 സാമ്പത്തിക വർഷത്തിലെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് ജീവനക്കാർക്ക് അവസരം നൽകാനാകുമോയെന്ന് പരിശോധിക്കാമെന്ന് ഫിനാൻസ് ഓഫീസർ അറിയിച്ചു. മറ്റ് സർവകലാശാലകളിൽ 2023 - 24 സാമ്പത്തിക വർഷത്തിൽ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് അടുത്ത ഭരണസമിതി യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി.<br><br>പ്രമേയം അംഗീകരിച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| OA: 1 | DAR - Academic Programme – Approval of the results - Reg. |
| Decision | Approved.<br>Action: DAR |

**അജണ്ടാക്കുറിപ്പുകൾക്കു പുറത്തു നടന്ന ചർച്ചകളും തീരുമാനങ്ങളും:**

സർവ്വകലാശാലയിലെ വിവിധ തസ്തികകളിലേക്കുള്ള താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തരം മാത്രമാകണമെന്നും സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് ആകണമെന്നും എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധി, ശ്രീ. ജി. രാജീവ്, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. സർക്കാർ ഉത്തരവ് എല്ലാ സ്റ്റേഷനുകളിലും നടപ്പിലാക്കുന്നതിനായി നിർദ്ദേശിക്കുന്നതിന് സഭ തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 04.30 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
*(02/04/2024 തീയതിയിൽ അംഗീകരിച്ചു)*

**//True Copy//**

**SECTION OFFICER - GA/B Section**